**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2115** **14-10-2024 - ൽ മറുപടിയ്ക്ക്**

**പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ 694 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ ഇനി എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കാനുള്ളതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | കുടുംബാരോഗ്യകേന്ദ്രങ്ങളാക്കിയ സ്ഥാപനങ്ങളിൽ എല്ലായിടത്തും ഉച്ചസമയം കഴിഞ്ഞും ഒ.പി.യും ലാബും ഫാർമസിയും പ്രവർത്തിക്കുമെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കുടുംബാരോഗ്യകേന്ദ്രങ്ങളിൽ സർക്കാർ സ്ഥിര നിയമനത്തിലുള്ള ജീവനക്കാർക്ക് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.എച്ച്.എം എന്നിവ വഴിയും താൽക്കാലിക അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. അപ്രകാരം ഉച്ചസമയം കഴിഞ്ഞും ഒ.പിയും , ലാബും, ഫാർമസിയും കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങൾ ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ഡി) | ആലപ്പുഴ ജില്ലയിലെ 62 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ FHC താമരക്കുളം, FHC ഭരണിക്കാവ്, FHC ചെട്ടികുളങ്ങര, FHC പുന്നപ്ര നോർത്ത്, FHC പുന്നപ്ര സൗത്ത്, FHC കലവൂർ, എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനതല അസ്സെസ്സ്മെന്റിനുശേഷം ദേശീയ അംഗീകാരത്തിനായുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. FHC പാണാവള്ളി, FHC പുറക്കാട് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ദേശീയ അംഗീകാരം നേടിയിട്ടുള്ളതും നിലവിൽ റീ അക്രെഡിറ്റേഷനു വേണ്ടിയുള്ള നടപടികൾ നടത്തി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ആരോഗ്യ സ്ഥാപനം | മണ്ഡലം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | നീലംപേരൂർ | കുട്ടനാട് | പുതിയ കെട്ടിട നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | തലവടി | കുട്ടനാട് | പുതിയ കെട്ടിട നിർമ്മാണം ആരംഭിച്ചു. |
| 3 | പത്തിയൂർ | കായംകുളം | 70% നിർമ്മാണം പൂർത്തീകരിച്ചു. |
| 4 | വെൺമണി | ചെങ്ങന്നൂർ | 30% നിർമ്മാണം പൂർത്തീകരിച്ചു. |
| 5 | തകഴി | കുട്ടനാട് | 50% നിർമ്മാണം പൂർത്തീകരിച്ചു. |
| 6 | ആര്യാട് | ആലപ്പുഴ | പ്രവൃത്തി ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 7 | കരുവാറ്റ | ഹരിപ്പാട് | ഡി.പി.ആർ നടപടികൾ പുരോഗമിക്കുന്നു. |
| 8 | കടക്കരപ്പള്ളി | ചേർത്തല | പ്രവൃത്തി ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 9 | കുപ്പപ്പുറം | കുട്ടനാട് | പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പുതിയ കെട്ടിട നിർമാണത്തിനായി അനുമതി ലഭ്യമാക്കിട്ടുണ്ട്. |
| 10 | ഹരിപ്പാട് | ഹരിപ്പാട് | 80% നിർമ്മാണം പൂർത്തീകരിച്ചു. |
| 11 | ചേപ്പാട് | ഹരിപ്പാട് | 30% നിർമ്മാണം പൂർത്തീകരിച്ചു. |
| 12 | കുമാരപുരം | ഹരിപ്പാട് | അനുവദിച്ച തുക അപര്യാപ്തമായതിനാൽ പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| 13 | മുട്ടാർ | കുട്ടനാട് | |
| 14 | മണ്ണഞ്ചേരി | ആലപ്പുഴ | |

Shaila. M

സെക്ഷൻ ഓഫീസർ